**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 475 27.09.2016 -ൽ മറുപടിക്ക്

<u>കൊച്ചിയിലെ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ. കെ.ജെ. മാക്സി

<u>ഉത്തരം</u>

ശ്രീ. എ.സി. മൊയ്തീൻ
(സഹകരണവും വിനോദസഞ്ചാരവും
വകുപ്പ് മന്ത്രി)

എ) കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായ കൊച്ചിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

എ) നടപടികൾ സ്വീകരിച്ച് വരുന്നു.

കൊച്ചിയിലെ പ്രധാന ടൂറിസം വികസന പദ്ധതികളായ ഫോർട്ട് കൊച്ചിയിലെ ഹെറിറ്റേജ് വാക് വേ, ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ കൊച്ചിയുടെ വികസന പദ്ധതി, മട്ടാഞ്ചേരി യിലെ കൾച്ചറൽ മൊസൈക് മ്യൂസിയം, മറൈൻ ഡ്രൈവ് വാക് വേ, ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമുള്ള പദ്ധതി തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഫോർട്ട് കൊച്ചി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര നഗര വികസന മന്ത്രാലയം മുഖേന കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി നിർവഹിക്കുന്നതിനായി ഏർപ്പെട്ട

ത്തിയിട്ടുള്ള ഏജൻസികളെ കൂടെ ഉൾപ്പെടു
ത്തി കൊച്ചിയെ അന്തർദ്ദേശീയ നിലവാര
ത്തിലെത്തിക്കാനുള്ള നടപടികൾ
സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.